ഉത്തരം

(എ) അനുവദിക്കുന്നുണ്ട്.

(ബി) 2011-12 വർഷം വരെയുള്ള ഗ്രാന്റാണ് നിലവിൽ കൊടുത്തിട്ടുള്ളത്.

(സി) പരമാവധി 20,000 രൂപ അല്ലെങ്കിൽ കൃതിയുടെ 1000 കോപ്പി അച്ചടിക്കുന്നതിനുള്ള ചെലവ് ഇതിൽ ഏതാണോ കുറവ് ആ തുകയാണ് ഒരെഴുത്തുകാരന് നൽകുന്ന ഗ്രാന്റ് തുക. ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പിന്നാക്ക വിഭാഗത്തിൽപ്പെട്ട എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി പരിഗണനയിലില്ല.

കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

278(979) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക, എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പൂർണമായോ ഭാഗികമായോ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ഭൂരഹിതർക്ക് സ്ഥലം വാങ്ങാൻ ധനസഹായം
2. ഭൂരഹിതർക്ക് ഭവന നിർമ്മാണ ധനസഹായം
3. വിവാഹ ധനസഹായം
4. മിശ്രവിവാഹ ധനസഹായം
5. ചികിത്സാ ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly

6. പൊതു പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാനം.

7. അയ്യങ്കാളി ടാലന്റ് സെർച്ച്, ഡെവലപ്പ്മെന്റ് സ്കോളർഷിപ്പ്

8. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

9. വിദ്യാഭ്യാസാനുകൂല്യം

10. പ്രീമെട്രിക് ഹോസ്റ്റൽ

11. SCA TO SCP

12. ടോയ്ലറ്റ് സ്കീം, വിഞ്ജാൻവാടി സ്റ്റഡി ടൂർ മുതലായവ

13. സ്വയംതൊഴിൽ പദ്ധതി

14. ഭവന പുനരുദ്ധാരണ പദ്ധതി.

(ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 1. സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം പടിഞ്ഞാറത്തറ പഞ്ചായത്തിൽപ്പെട്ട കൊറ്റിയാട്ടുകുന്ന്, പൊന്നകമല, പാറനിരപ്പ് കുന്ന്, കോളനികൾ വകയിരുത്തിയ തുക 3 കോടി രൂപ.

2. ഭൂമി വാങ്ങൽ പദ്ധതി-പദ്ധതി പൂർത്തീകരിച്ചുവരുന്നു.

വകയിരുത്തിയ തുക - 1,76,25000

3. ചികിത്സാ ധനസഹായം - 15,00,000

• ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട്

279(980) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly